**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5363** **21-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ ബസ്സ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ- വളാഞ്ചേരി റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ഇല്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത റൂട്ടിലെ ചില സർവ്വീസുകൾ നിർത്തലാക്കിയത്.** |
| (ബി) | കോവിഡ് കാലത്തിന് മുൻപ് പ്രസ്തുത റൂട്ടിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നതെന്നും സർവ്വീസുകൾ നിർത്തി വച്ചതിന് കാരണമെന്താണെന്നും അറിയിക്കാമോ; | (ബി) | കോവിഡ് കാലത്തിന് മുൻപ് പ്രസ്തുത റൂട്ടിൽ 3 സർവ്വീസുകൾ നടത്തിയിരുന്നുവെങ്കിലും യാത്രക്കാർ കുറവായതിനാലാണ് പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയത്. |
| (സി) | സ്കൂളുകളും കോളേജുകളും തുറന്നതിനുശേഷം യാത്രക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് അടിയന്തരമായി ബസ്സ് സർവ്വീസ് പുനരാരംഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (സി) | നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതി തുടങ്ങുന്നതനുസരിച്ച് സർവ്വീസുകൾ ആവശ്യാനുസരണം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ